പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *317 — 11.11.2019 ൽ മറുപടിക്ക്

## വിമാനത്താവളങ്ങളുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>,, ഐ.ബി. സതീഷ്<br>,, രാജു എബ്രഹാം<br>,, എ. പ്രദീപ്കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പുതിയ വിമാനത്താവളം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ശബരിമലയിൽ ഒരു ഗ്രീൻ ഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | നിലവിലുള്ളവയിൽനിന്നും കൂടുതൽ സർവീസ് ആരംഭിക്കുന്നതിന് മുഖ്യമന്ത്രി നടത്തിയ ഇടപെടൽ ഫലം കണ്ടിട്ടുണ്ടോ; | (ബി) യും (സി) യും | എയർലൈൻ മേധാവികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നിലവിലുള്ളവയിൽനിന്നും കൂടുതൽ സർവീസ് ആരംഭിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 4 വിമാനത്താവളങ്ങളിൽ നിന്നും നിരവധി ആഭ്യന്തര / അന്താരാഷ്ട്ര വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രവാസികൾ ഏറെയുള്ള ഉത്തരകേരളത്തിലെ ആവശ്യം പരിഗണിച്ച് പുതുതായി പ്രവർത്തനം ആരംഭിച്ച കണ്ണൂർ എയർപോർട്ടിൽ നിന്ന് കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേയുടെ നീളം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾക്കായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തു കൈമാറുന്ന പ്രവർത്തനം സജീവമായി മുന്നോട്ട് കൊണ്ടുപോകുന്ന സാഹചര്യത്തിലും ഈ വിമാനത്താവളം അദാനിയ്ക്ക് കൈമാറാതെ കേന്ദ്രസർക്കാരിൽ നിലനിർത്തുകയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കമ്പനിക്ക് കൈമാറുകയോ ചെയ്യണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അവഗണിച്ച് കേന്ദ്രസർക്കാർ മുന്നോട്ടു പോവുകയാണോ; ഇതു സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | അദാനി എന്റർപ്രൈസിന് അവാർഡ് നൽകുന്നതിന് എതിരെ കേരള സർക്കാരും, കെ.എസ്.ഐ.ഡി.സി.യും ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുള്ളതും കോടതി വിധിയ്ക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് സ്വകാര്യവൽക്കരണ നടപടികളിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ